കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | |
|---|---|
| DECEMBER 04 | 2022 |



ശബരിമല പത്രക്കുറിപ്പ് - 1

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com

# 'ശ്രീകോവിൽ നട തുറന്നൂ...' പതിറ്റാ□ുകളായി അയ്യനെ വിളിച്ചുണർത്തുന്ന സ്വരഗാംഭീര്യം

ദിനവും ശബരിമല അയ്യപ്പ സ്വാമിയെ ഉറക്കത്തിലേക്ക് നയിക്കുന്ന 'ഹരിവരാസനം' ഗാനം ഏവർക്കുമറിയാം. എന്നാൽ, ശബരിമലയുമായി ബന്ധപ്പെട്ട് അതുപോലെ തന്നെ പ്രാധാന്യമുള്ള 'ശ്രീ കോവിൽ നട തുറന്നൂ... പൊന്നമ്പലത്തിൽ ശ്രീ കോവിൽ നട തുറന്നൂ' എന്ന ഗാനത്തിന്റെ ചരിത്രം വിശ്വാസികൾക്ക് അത്ര പരിചിതമല്ല.

1970 കളുടെ അന്ത്യത്തിൽ പിറവിയെടുത്തെന്ന് കരുതുന്ന ഈ ഗാനം സംഗീതം നൽകി ആലപിച്ചത് പ്രശസ്ത കർണാടിക് സംഗീതജ്ഞരായ ജയവിജയയാണ്; ഇരട്ട സഹോദരങ്ങളായ കെ.ജി ജയനും കെ.ജി വിജയനും.

ഏകദേശം 40 വർഷം മുമ്പായിരിക്കണം 'ശ്രീ കോവിൽ നട തുറന്നൂ...' ഗാനം ആലപിച്ചിട്ടു ാവുകയെന്ന് ഇപ്പോൾ 88 വയസുള്ള പത്മശ്രീ ജയൻ ഓർത്തെടുക്കുന്നു. മണ്ഡല - മകരവിളക്ക് കാലത്ത് ദിവസവും ഉച്ച ഒരു മണിക്ക് ശബരിമല നട അടച്ചശേഷം വൈകീട്ട് മൂന്നിന് അയ്യപ്പ സ്വാമിയെ ഉണർത്തുന്നത് പതിറ്റാ ുകളായി ജയന്റെ ഈ

സ്വരഗാംഭീര്യമാണ്.

നാല് മിനിറ്റ് ദൈർഘ്യമുള്ള ഗാനം എന്ന് മുതലാണ് ശബരിമലയിൽ കേൾക്കാൻ തുടങ്ങിയതെന്ന് കൃത്യമായി അറിയില്ലെങ്കിലും ദശാബ്ദങ്ങളായിട്ട് ഈ ഗാനം കേട്ടുകൊ ാണ് വൈകീട്ട് നട തുറക്കാറുള്ളതെന്ന് ശബരിമല തന്ത്രി കണ്ഠരര് രാജീവര് പറയുന്നു.

പുലർച്ചെ മൂന്നിന് നട തുറക്കുമ്പോൾ 'സുപ്രഭാതം', ഉച്ചയ്ക്ക് നട അടച്ച് വൈകീട്ട് മൂന്നിന് തുറക്കുമ്പോൾ 'ശ്രീ കോവിൽ നട തുറന്നൂ...', രാത്രി 11 ന് നടയടക്കുമ്പോൾ 'ഹരിവരാസനം' എന്നീ മൂന്ന് ഗാനങ്ങളാണ് അനേകം വർഷങ്ങളായി ശബരിമലയിലെ ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ ഉയരുന്നതെന്ന് 21 വർഷങ്ങളായി ദേവസ്വം ബോർഡിന്റെ പബ്ലിസിറ്റി കം പബ്ലിക് ഇൻഫർമേഷൻ സെന്ററിലെ അനൗൺസറായ എ.പി ഗോപാലകൃഷ്ണൻ നായർ പറയുന്നു. 'അയ്യപ്പനെ കാണാൻ കാത്ത് മണിക്കൂറുകളായി വരിയിൽ നിൽക്കുന്ന ആയിരക്കണക്കിന് സ്വാമിമാരുടെ പ്രതീക്ഷകളുടെ സാക്ഷാത്കാരം കൂടിയാണ് ആ ഗാനം. ഭഗവാനെ കാണാനുള്ള അവസരം ഇതാ ആഗതമായിരിക്കുന്നു എന്ന് വിളംബരം ചെയ്യുന്ന ഗാനം പ്രത്യേക അനുഭൂതി പ്രദാനം ചെയ്യുന്നു,' അദ്ദേഹം കൂട്ടിച്ചേർത്തു.

(പി.ആർ.ശബരി-124)

# സന്നിധാനത്ത് അയ്യപ്പഭക്തർക്ക് വിപുലമായ താമസ സൗകര്യങ്ങൾ

***ഒരേസമയം 17,017 ഭക്തർക്ക് താമസസൗകര്യം***

***സ്പോട്ട് ബുക്കിങ്ങിന് 454 മുറികളും ഓൺലൈൻ ബുക്കിങ്ങിന് 104 മുറികളും***

മണ്ഡലകാല മകരവിളക്ക് മഹോത്സവവുമായി ബന്ധപ്പെട്ട് ശബരിമല സന്നിധാനത്ത് അയ്യപ്പഭക്തർക്ക് വിപുലമായ താമസ സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നത്. പ്രതിദിനം ശരാശരി 80000 തീർത്ഥാടകരാണ് സന്നിധാനത്ത് എത്തുന്നത്. കനത്ത സുരക്ഷ മുൻനിർത്തി വിവിധ ചെക്ക് പോസ്റ്റുകളിൽ പരിശോധന നടത്തിയ ശേഷമാണ് അയ്യപ്പഭക്തർ സന്നിധാനത്ത് എത്തുന്നത്.

സന്നിധാനത്ത് ഒരേസമയം 17,017 ഭക്തർക്കുള്ള താമസ സൗകര്യമു ്. കുറഞ്ഞ ചിലവിൽ ര ുപേർക്ക് 12 മണിക്കൂർ താമസിക്കാൻ കഴിയുന്ന പ്രണവം ഗസ്റ്റ് ഹൗസിന് 250 രൂപയാണ് നിരക്ക്. കൂട്ടമായി എത്തുന്ന അയ്യപ്പ സംഘങ്ങൾക്ക് വിരി വയ്ക്കാനുള്ള സൗകര്യവും വിവിധ ഇടങ്ങളിൽ ഒരുക്കിയിട്ടു ്.

ഇതിന് പുറമേ സന്നിധാനത്ത് സേവനമനുഷ്ഠിക്കുന്ന 6200 ജീവനക്കാർക്കുള്ള

താമസസൗകര്യവും സജ്ജമാണ്.

ഭക്തജനങ്ങൾക്ക് സ്പോട്ട് ബുക്കിങ്ങിലൂടെയും ഓൺലൈൻ ബുക്കിലൂടെയും മുറികൾ ബുക്ക് ചെയ്യാം. സ്പോട്ട് ബുക്കിങ്ങിനായി 454 മുറികളും ഓൺലൈൻ ബുക്കിങ്ങിനായി 104 മുറികളുമാണ് മാറ്റിവെച്ചിരിക്കുന്നത്. സ്പോട്ട് ബുക്ക് ചെയ്യാൻ ആധാർ കാർഡ്, മൊബൈൽ നമ്പർ എന്നിവ സമർപ്പിക്കേ താണ്.

വലിയ നടപ്പന്തൽ താഴെയും മുകളിലുമായും, മഗു , മാളികപ്പുറം എന്നിവിടങ്ങളിലായി മേൽക്കൂരയുള്ള സൗജന്യ വിരി അയ്യപ്പഭക്തർക്ക് ഒരുക്കിയിട്ടു ്.

കൃത്യമായ ശുചീകരണത്തോടെയും മാലിന്യ നിർമ്മാർജ്ജനത്തിലൂടെയുമാണ് മണ്ഡലകാലം നടക്കുന്നത്. 1169 ശൗചാലയങ്ങളാണ് സന്നിധാനത്ത് മാത്രം ഒരുക്കിയിരിക്കുന്നത്. ഇതിന് പുറമേ 160 കുളിമുറികളും സുസജ്ജമാണ്. 400 വേസ്റ്റ് ബിന്നുകൾ വിവിധയിടങ്ങളിൽ സ്ഥാപിച്ചിട്ടു ്.

ആരോഗ്യപരിപാലനത്തിലും യാതൊരു വിട്ടുവീഴ്ചയും ഇല്ലാതെയാണ് ക്രമീകരണങ്ങൾ സജ്ജീകരിച്ചിട്ടുള്ളത്. സന്നിധാനത്ത് മാത്രം 24 മണിക്കൂറും പ്രവർത്തനം നടത്തുന്നു നാല് ആശുപത്രികൾ, അടിയന്തര വൈദ്യസഹായത്തിന് അഞ്ച് എമർജൻസി മെഡിക്കൽ സെന്റർ എന്നിവയും ഉ ്. ഭക്തജനങ്ങൾക്ക് എല്ലാവിധ വിവരങ്ങളും നൽകുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഇൻഫർമേഷൻ സെന്ററും സന്നിധാനത്ത് പ്രവർത്തനം നടത്തുന്നു ്; ഫോൺ 04735 202048.

(പി.ആർ.ശബരി-125)

# ശബരിമലയിൽ ഇന്നത്തെ ചടങ്ങുകൾ

(05.12.2022)
………
പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ
3 ന്.... നട തുറക്കൽ.. നിർമ്മാല്യം
3.05 ന് ....അഭിഷേകം
3.30 ന് ...ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11 മണി വരെയും നെയ്യഭിഷേകം
6 മണിക്ക് അഷ്ടാഭിഷേകം
7.30 ന് ഉഷപൂജ
11.30. ന് ..25 കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന് ......ഉച്ചപൂജ

1മണിക്ക് ക്ഷേത്രനട അടയ്ക്കൽ

വൈകുന്നേരം 3 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ന്... ദീപാരാധന
7 മണിമുതൽ പുഷ്പാഭിഷേകം
9.30 മണിക്ക് ...അത്താഴപൂജ
10.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 11 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.